യഥാർത്ഥ സ്ഥിതി എന്താണെന്ന് അറിയാമോ; അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി.കെ. നാണു : ഇപ്പോൾ പുതിയ ലൈൻ എന്നുള്ള നിലയ്ക്ക് കുറ്റിപ്പുറം-ഗുരുവായൂരും അതുപോലെ അങ്കമാലി-ശബരി-കോട്ടയം എരുമേലിയുമായി ബന്ധപ്പെട്ട പുതിയ ലൈനിന്റെ ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം പരിശോധിച്ച് ഫലപ്രദമായ രൂപത്തിൽ നിവേദനം നടത്തുന്നതാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : കൊങ്കൺ റെയിൽവേ വഴി കൂടുതൽ വണ്ടികൾ ഓടിത്തുടങ്ങിയതോടുകൂടി കോഴിക്കോട് മുതൽ മലപ്പുറം മേഖലയിലേക്കു പോകുന്ന റോഡ് ഗതാഗതം നിരന്തരമായിട്ട് കുരുക്കിൽപ്പെട്ടിരിക്കുകയാണ്. മേൽപ്പാലം നിർമ്മിക്കാൻവേണ്ടി കഴിഞ്ഞ പ്രാവശ്യം കേരള ഗവൺമെന്റ് തന്നെയാണ് ചില കാര്യങ്ങൾ ചെയ്യാമെന്ന് പറഞ്ഞ് പ്രത്യേകമായും സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുകയും ചെയ്യാമെന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. പക്ഷെ ഇപ്പോഴും ആ കാര്യങ്ങളിൽ കാര്യമായ പുരോഗതിയൊന്നും നേടാൻ നമുക്ക് സാധിച്ചിട്ടില്ല. അതുകൊണ്ട് മേൽപ്പാലം നിർമ്മിക്കാൻവേണ്ടിയുള്ള പ്രവർത്തനത്തിന് മുൻകൈ എടുക്കാൻ നമുക്ക് സാധിക്കുമോ?

ശ്രീ. സി.കെ. നാണു : നമ്മൾ ഉദ്ദേശിച്ചതുപോലെ മേൽപ്പാലത്തിന്റെ പ്രവർത്തനം അംഗീകരിക്കാനുള്ള തീരുമാനമായിട്ടില്ലയെങ്കിലും ഈ ബഡ്ജറ്റോടുകൂടി അതിനാവശ്യമായ നടപടിയുണ്ടാകുമെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. എം.കെ. മുനീർ : റെയിൽവേ സോൺ കേരളത്തിനു വേണമെന്നുള്ള ആവശ്യം വളരെനാളായി നമ്മൾ ഉയർത്തിയിട്ടുള്ളതാണ്. ദക്ഷിണേൻഡ്യയിലെ ഗോവ ഒഴിച്ചാൽ പിന്നെ കേരളത്തിൽ മാത്രമാണ് സോൺ ഇല്ലാത്തത്. ശ്രീ. പാസ്വാൻ റെയിൽവേ മന്ത്രിയായ സമയത്ത് 6 സോണുകൾ അനുവദിച്ചപ്പോഴും കേരളത്തെ പരിഗണിച്ചില്ല. അതിനുശേഷം വന്ന ബി.ജെ.പി. ഗവൺമെന്റ് വീണ്ടും സോൺ അനുവദിച്ചപ്പോഴും കേരളം വന്നിട്ടില്ല. കൂട്ടായി എം.പി.മാർ മന്ത്രിയെ കണ്ടതാണ്. എന്നിട്ടും അത് ലഭ്യമായില്ല. ഇനിയെങ്കിലും ഇത്തരത്തിലുള്ള വിഷയങ്ങളിൽ ശക്തമായ മുന്നേറ്റം, മന്ത്രി നേതൃത്വം എടുത്തുകൊണ്ട് എല്ലാ എം.പി.മാരെയും വിളിച്ചുകൂട്ടി യോഗം സംഘടിപ്പിക്കുവാൻ തയ്യാറാകുമോ?

ശ്രീ. സി.കെ. നാണു : കേരളത്തിലെ റെയിൽവേയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അങ്ങ് ചൂണ്ടിക്കാണിച്ചത്. കേരളത്തിനുവേണ്ടി ഈ ബഡ്ജറ്റ് വന്നതിനുശേഷം കേരള എം.പി.മാർ കേന്ദ്ര റെയിൽവേ മന്ത്രിയുമായിട്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ചരിത്രത്തിൽ ആദ്യമെന്നു പറയാം, ഒരു റസിഡന്റ് കമ്മീഷണറെ (ജോയിന്റ് സെക്രട്ടറി റാങ്കിലുള്ളത്) നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ആഫീസും മറ്റ് സൗകര്യങ്ങളും സംസ്ഥാന സർക്കാർ ഉടനെതന്നെ ലഭ്യമാക്കുന്നതാണ്.

ലോകബാങ്ക് സഹായത്തോടെ സമഗ്ര വനവികസന പദ്ധതി

2 (*362) ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എൻ. കണ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തികവർഷം ലോകബാങ്ക് സഹായത്തോടെ തുടക്കമിട്ടിരിക്കുന്ന സമഗ്ര വന വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സമഗ്ര വനവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കാൻ ആദ്യവർഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കാൻ ജനപങ്കാളിത്തം ഉറപ്പാക്കിയിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ രണ്ടാംഘട്ട വികസനം ആരംഭിച്ചിട്ടുണ്ടോ;

(ഇ) രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്ക് എന്തുതുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വനവികസന-സംരക്ഷണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള വനനിയമങ്ങളും നടപടിക്രമങ്ങളിലും എന്തെങ്കിലും മാറ്റം ആവശ്യമായി വരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സമഗ്ര വനവികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) വനം വകുപ്പ് ലോകബാങ്ക് സഹായത്തോടുകൂടി ഒരു സമഗ്ര വനവികസന പദ്ധതി 1998-99 മുതൽ നടപ്പിലാക്കിവരികയാണ്. ടി. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപറയുന്നു.

1. ജൈവവൈവിധ്യത്തിന് സംരക്ഷണം അഭിവൃദ്ധിപ്പെടുത്തുകയും വനങ്ങളുടെ ശോഷണം തടഞ്ഞുനിർത്തുകയും ചെയ്യുക;

2. നിയുക്തമായ വനപ്രദേശത്തിനും കൃഷിസ്ഥലങ്ങളിലും തടിയുടേയും തടിയിതര വനോൽപന്നങ്ങളുടേയും സ്ഥായിയായ ഉൽപ്പാദനം വർധിപ്പിക്കുക;

3. വനത്തിനുള്ളിലും പരിസരത്തും താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള സമൂഹത്തിലെ ദരിദ്രരും ദുർബലരുമായ ഗ്രാമീണ ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കാൻ 1998-99 വർഷത്തിൽ മുഖ്യമായും താഴെവിവരിക്കുന്ന പരിപാടികൾ നടപ്പിലാക്കി.

1. 3620 ഹെക്ടർ പ്രക്ഷിണ സ്വാഭാവിക വനങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി.

2. 470 ഹെക്ടർ വനങ്ങളിൽ ഈറ്റ, മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി.

3. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മെച്ചപ്പെട്ട നടീൽ വസ്തുക്കൾ സെൻട്രൽ നഴ്സറികളിൽ ഉൽപ്പാദിപ്പിക്കുകയും അവ ഉപയോ

LIBRARY ARCHIVES Kerala Legislative Assembly

ഗിച്ച് 115 ഹെക്ടർ തേക്ക് തോട്ടങ്ങളും 252 ഹെക്ടർ പൾപ്പ് മരത്തോട്ടങ്ങളും റീപ്ലാന്റിംഗ് നടത്തി;

4. ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലനത്തന് തുടക്കം കുറിച്ചു;

5. നെയ്യാർ, ചിന്നാർ എന്നീ സംരക്ഷിത മേഖലകളിൽ ഇക്കോ ഡവലപ്മെന്റ് പരിപാടികൾ ആരംഭിച്ചു,

6. ആറ് ജില്ലകളിൽ ജില്ലാ വിജ്ഞാന വ്യാപന വിവര സാങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി തുടങ്ങി;

7. പ്രാഥമിക പരിസ്ഥിതി പരിപാലന പരിപാടികൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചു;

8. എട്ട് വന ഡിവിഷനുകളിൽ കാട്ടുതീ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി;

9. പദ്ധതികളുടെ ഭരണ നിർവ്വഹണം മെച്ചപ്പെടുത്തുവാനും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുവാനും വേണ്ടി മരാമത്തുപണികൾ, വാഹനങ്ങൾ, വയർലസ് സെറ്റുകൾ, കമ്പ്യൂട്ടറുകൾ മറ്റുപകരണങ്ങൾ എന്നിവ ലഭ്യമാക്കി;

10. പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനും ഉദ്യോഗസ്ഥരുടെ മാനവശേഷി വികസനത്തിനും ഊന്നൽ നൽകികൊണ്ട് വിവിധപരിശീലനങ്ങൾ, സെമിനാറുകൾ, പഠനയാത്രകൾ, കൺസൾട്ടൻസികൾ മുതലായവ നടപ്പിലാക്കി.

(സി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ട്.

1. വനാതിർത്തി പ്രദേശങ്ങളിലെ ജനങ്ങളുടെ പങ്കാളിത്തത്തോടെ ഉദ്ദേശം 12,400 ഹെക്ടർ പ്രക്ഷീണവനങ്ങൾ സംരക്ഷിക്കുന്നതിന് പങ്കാളിത്ത വന പരിപാലന പദ്ധതി നടപ്പിലാക്കുന്നതാണ് ഇപ്രകാരം വനത്തിനകത്തും പരിസരത്തുമുള്ള 86 സെറ്റിൽമെന്റുകളിൽ വനസംരക്ഷണസമിതികൾ രൂപീകരിച്ച് മൈക്രോപ്ലാനുകൾ തയാറാക്കി നടപ്പിലാക്കാനാണ് പരിപാടി ഇട്ടിരിക്കുന്നത്;

2. ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി ചിന്നാർ, നെയ്യാർ എന്നീ സംരക്ഷിത പ്രദേശങ്ങളിലെ 40 വില്ലേജുകളിൽ ജനപങ്കാളിത്തത്തോടെ വില്ലേജ് ഇക്കോ ഡവലപ്മെന്റ് പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

3. ജനപങ്കാളിത്തത്തോടെ തെരഞ്ഞെടുക്കപ്പെട്ട വനപ്രദേശങ്ങളിൽ കാട്ടുതീ തടയുന്നതിനുള്ള പരിപാടി നടപ്പിലാക്കുന്നതാണ്;

4. പ്രാഥമിക പരിസ്ഥിതി പരിപാലന പദ്ധതി നഗരങ്ങളിലെ റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് നടപ്പിലാക്കുന്നതാണ്.

(ഡി) ആരംഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) കേരളാ ഫോറസ്റ്റ് ആക്ട് (1961)ൽ ഭേദഗതി വരുത്തുന്നതിനുള്ള ഒരു കരട് ഗവൺമെന്റ് വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലെ പ്രധാനപ്പെട്ട ഭേദഗതി നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. ചന്ദനത്തടി, ചന്ദനത്തൈലം, വിറക് പ്രത്യേകയിനം സസ്യങ്ങൾ, മണൽ ധാതുജലം എന്നിവ വനവിഭവത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തുക;

2. വനസംബന്ധമായ കുറ്റങ്ങൾക്കുള്ള ശിക്ഷ വർധിപ്പിക്കുകയും ഗുരുതരമായ കുറ്റകൃത്യങ്ങൾക്ക് ഏറ്റവും കുറഞ്ഞത് തടവ് ശിക്ഷയാക്കുകയും ചെയ്യുക;

3. ചില പ്രത്യേക ഇനം സസ്യങ്ങൾ ശേഖരിക്കുന്നതും, നശിപ്പിക്കുന്നതും, സ്വന്തമാക്കാൻ ശ്രമിക്കുന്നതും നിരോധിക്കുക;

4. തടവ് ശിക്ഷ കുറഞ്ഞ ശിക്ഷയായിട്ടുള്ള കേസുകളിൽ പ്രതിയെ ജാമ്യത്തിൽ വിടാനും പരിഹാരത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുമുള്ള വനംവകുപ്പുദ്യോഗസ്ഥരുടെ അധികാരം പരിമിതപ്പെടുത്തുക;

5. സെക്ഷൻ 61(എ) യിൽ ചന്ദനത്തടിയും ചന്ദനതൈലവും പ്രത്യേകയിനം സസ്യങ്ങളും അവയുടെ ഭാഗങ്ങളെയും വന്യജീവികളെയും കൂടുതലായി ഉൾപ്പെടുത്തുക;

6. വനം കയ്യേറ്റം തടയാൻ വനം വകുപ്പുദ്യോഗസ്ഥർക്ക് കൂടുതൽ അധികാരം നൽകുക.

(ജി) സമഗ്രവനവികസനപ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടിയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

<u>ശ്രീ. പി.കെ. കുമാരൻ</u>: സർ, ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലനത്തിന് തുടക്കം കുറിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വ്യക്തമാക്കി. ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് അങ്ങ് ആവിഷ്കരിച്ചിട്ടുള്ളത്, അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. സി.കെ. നാണു</u> : സർ, ഈ പദ്ധതിയിൽ ചില ഘടകങ്ങളിൽ ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം വിഭാവനം ചെയ്തിട്ടുണ്ട്. മുഖ്യമായും വനാതിർത്തിപ്രദേശങ്ങളിലുള്ള പ്രക്ഷീണവനങ്ങളുടെ ഉദ്ധാരണം, അവയുടെ സംരക്ഷണം, ചെറുചരക്ക് ശേഖരണം എന്നിവയാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി ആദിവാസികൾ, അതിർത്തി പ്രദേശങ്ങളിലെ താമസക്കാർ, തദ്ദേശജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, വനസംരക്ഷണ ഉദ്യോഗസ്ഥന്മാർ എന്നിവരുൾപ്പെട്ട വനസംരക്ഷണസമിതി രൂപീകരിക്കാനും മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഈ സമിതി മുഖേന നടപ്പിലാക്കാനുമുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകദേശം 12,400 ഹെക്ടർ പ്രക്ഷിണ വനങ്ങളിലാണ് ജനപങ്കാളിത്തത്തോടുകൂടിയുള്ള വനപരിപാലനം നടത്താൻ ഉദ്ദേശിക്കുന്നത്. സംസ്ഥാന വ്യാപകമായി നടപ്പിൽ വരുത്തുന്നതിനുമുമ്പ് തെരഞ്ഞെടുക്കപ്പെട്ട 86 ഗ്രാമങ്ങളിൽ നടപ്പിലാക്കുന്നതുമൂലം ഈ പദ്ധതി പരീക്ഷിക്കാനും ആവശ്യമായ ഭേദഗതികൾ വരുത്തുവാനും സാധിക്കും. ഇതനുസരിച്ച് ഇതുവരെ 21 സ്ഥലങ്ങളിൽ പങ്കാളിത്ത വനപരിപാലന പരിപാടികൾക്ക് തുടക്കം കുറച്ചിട്ടുണ്ട്.

<u>ശ്രീ. പി.കെ. കുമാരൻ</u> : സർ, സമഗ്രവനവികസന പദ്ധതിയുടെ ഉദ്ദേശ ക്ഷ്യങ്ങളിൽ, മൂന്നാം ഇനമായി പറഞ്ഞിരിക്കുന്നത് വനത്തിനുള്ളിലും പരിസരത്തും താമസിക്കുന്ന ആദിവാസികളടക്കമുള്ള സമൂഹത്തിലെ ദരിദ്രരും ദുർബലരുമായ ഗ്രാമീണജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുമെന്നാണ്. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളടക്കമുള്ള ദുർബലജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; അത് നടപ്പിലാക്കാനുള്ള ഏത് മാർഗ്ഗമാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. സി.കെ. നാണു : സർ, ഇക്കോ ഡവലപ്മെന്റ് പദ്ധതി ആരംഭിച്ച് വന്യജീവിസങ്കേതങ്ങളിലും, അനുബന്ധ സ്ഥലങ്ങളിലും അതായത് ചിന്നാർ, നെയ്യാർ തുടങ്ങിയ സ്ഥലങ്ങളിൽ ഏതാണ്ട് 31-ഓളം സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസികളെ സംഘടിപ്പിച്ച് അവരുടെ പുരോഗതിക്ക് വേണ്ടിയുള്ള കഴിഞ്ഞകാലത്തൊന്നും ഉണ്ടായില്ലാത്തത്ര തരത്തിലുള്ള നടപടികൾ നടത്തിവരുന്നത്. ഇതിൽ പ്രധാനമായും ആദിവാസികൾക്ക് പ്രത്യേകമായ സംഘടനകൾ ഉണ്ടാക്കി, അതിനു ഫണ്ട് നൽകി അതിന് വികസന പരിപാടികൾ അതായത് ആദിവാസികൾക്ക് അവരുടെ സ്ഥലത്ത് കൂടുതൽ കൃഷിചെയ്യാൻ തരത്തിലുള്ള എല്ലാ സൗകര്യങ്ങളും ആദിവാസികളുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടാക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി 31 ആദിവാസി സെറ്റിൽമെന്റുകളിൽ അത് നടപ്പിലാക്കികൊണ്ടിരിക്കുന്നു.

ശ്രീ. എം.വി. ജയരാജൻ : സർ, അങ്ങയുടെ മറുപടിയിൽ സമഗ്ര വനവികസനത്തിനുവേണ്ടി ലോകബാങ്ക് സഹായത്തോടുകൂടി 1998-99 മുതലാണ് പദ്ധതി തയാറാക്കിയതായി പറയുന്നത്. ഇതിനകം ലോകബാങ്കിന്റെ എത്ര തുകയാണ് സഹായമായിട്ട് ലഭിച്ചിട്ടുള്ളത്; ഇതിൽ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. സി.കെ. നാണു : സർ, ഇതിൽ ആദ്യത്തെവർഷം അതായത് 1998-99 ൽ 13 കോടിരൂപ ചെലവാക്കി. ഈ വർഷം 15.34,00,000 രൂപ ഇതുവരെ ചെലവാക്കി. 1999-2000-ൽ ചെലവ് പ്രതീക്ഷിക്കുന്നത് 30 കോടി രൂപയാണ്. അതിൽ വനങ്ങളുടെ സ്വാഭാവിക പുനരുൽപാദകസഹായം 23,000 ഹെക്ടർ, പ്രക്ഷീണ വനങ്ങളുടെ പുനരുദ്ധാരണം 9,000 ഹെക്ടർ, പങ്കാളിത്ത വനപരിപാലനം 12,400 ഹെക്ടർ, വ്യാവസായിക തോട്ടങ്ങൾ 3,700 ഹെക്ടർ, പൾപ്പ് വുഡ് 3,700 ഹെക്ടർ തേക്ക്, 1,800 ഹെക്ടർ നടീൽ വസ്തുക്കൾ മെച്ചപ്പെടുത്തൽ, ഗവേഷണം, വിജ്ഞാന വ്യാപനം, ആറ് എക്സ്റ്റൻഷൻ സെന്ററുകൾ, കാലടിയിൽ വനപഠന കേന്ദ്രം ആരംഭിക്കുക, ഒൻപത് സ്ഥലങ്ങളിൽ പ്രാഥമിക പരിസ്ഥിതി പരിപാലനം പൊതുസ്ഥലങ്ങളിൽ വൃക്ഷത്തോട്ട നിർമ്മാണം, കാട്ടുതീ തടയൽ ഇതാണ് വന പരിപാലനവുമായി ബന്ധപ്പെട്ടുള്ള മുഖ്യഘടകങ്ങൾ.

ശ്രീ. എം.വി. ജയരാജൻ : സർ, കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 28 കോടിയിലേറെ രൂപ ചെലവഴിച്ചുകൊണ്ടുള്ള ഒരു വലിയ പദ്ധതിയാണ് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. ഇനി ആ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ ഏതാണ്ട് 10 കോടിയോളം രൂപ വേണ്ടിവരും എന്നാണ് വ്യക്തമാക്കുന്നത്. ഇത്രയും ബൃഹത്തായ ഒരു പദ്ധതിയുടെ നടത്തിപ്പിന് മോണിറ്റർ ചെയ്യാൻ വ്യക്തമായ വല്ല സംവിധാനവും വനം വകുപ്പിന്റെ കീഴിൽ ഉണ്ടോ; ഇല്ലെങ്കിൽ ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. സി.കെ. നാണു : സർ, വേൾഡ് ബാങ്കിന്റെ ഉദ്യോഗസ്ഥർ തന്നെ ആറാറുമാസം കൂടുന്ന അവസരത്തിൽ ഇതിന്റെ പ്രവൃത്തി മോണിറ്റർ ചെയ്യാൻ ഇവിടെ വരുന്നുണ്ട്. അവർ മോണിറ്ററിംഗ് നടത്തിയിട്ട് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വേൾഡ് ബാങ്ക് നടത്തിയ ഈ പരിപാടി ഉദ്ദേശിച്ചതുപോലെ വിജയിക്കുന്നില്ല എങ്കിലും കേരളത്തിൽ അത് നല്ല നിലയിൽ നടക്കുന്നുവെന്നാണ് പറയുന്നത്. വരുന്ന ഒക്ടോബർ മാസത്തിൽ അവർ വീണ്ടും ഇതു സംബന്ധ

LIBRARY ARCHIVES Kerala Legislative Assembly

മായ പരിശോധനക്ക് വരുന്നതാണ്. കേരളത്തിൽ ഫോറസ്റ്റ് സെക്രട്ടറി അതു പോലെ ഫോറസ്റ്റുമായി ബന്ധപ്പെട്ട മറ്റ് പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരെല്ലാം ചേർന്നുകൊണ്ട് കേരളത്തിൽ തന്നെ അടിയ്ക്കടി ഇതു സംബന്ധിച്ച് മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഇവിടെ നിലവിലുണ്ട്. വല്ല ആക്ഷേപവും ഏതെങ്കിലും കേന്ദ്രത്തിൽനിന്നും ഉണ്ടാകുന്നുവെങ്കിൽ കൂടുതൽ ഫലപ്രദമായ രൂപത്തിൽ ആവശ്യമാണെങ്കിൽ നമുക്ക് അന്വേഷിക്കാവുന്നതാണ്.

ശ്രീ. എൻ. കണ്ണൻ : സർ, ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയിൽ പ്രധാനമായും പറയുന്നത് ആദിവാസികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ്. ഇന്നും ഫോറസ്റ്റുകളിൽ താമസിക്കുന്ന ആദിവാസികൾക്ക് വീടു വയ്ക്കുന്നതിനുവേണ്ടി ഭൂമി കൊടുക്കുന്നതിനോ, കൈവശമുള്ള ഭൂമിയിൽ ആദിവാസികൾക്കുതന്നെ സ്വന്തമായി വീടുവയ്ക്കുന്നതിനുവേണ്ടി മരം മുറിക്കാനോ ഫോറസ്റ്റുകാർ അനുവാദം കൊടുക്കാത്ത അവസ്ഥ ഇന്ന് കേരള സംസ്ഥാനത്തിലെ വനപ്രദേശങ്ങളിൽ നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരെയും അതുപോലെ ആദിവാസികളേയും കൂട്ടി വിളിച്ചുചേർത്തുകൊണ്ട് അവർക്ക് ആവശ്യപ്പെട്ട വീടുണ്ടാക്കാനും കിണർ കുഴിക്കാനും വേണ്ടിയുള്ള സംവിധാനങ്ങൾ ഉണ്ടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. സി.കെ. നാണു : സർ, ആദിവാസികൾ വനത്തിൽ ജീവിക്കുന്നവരാണെന്നും വനംവകുപ്പ് വികസന പരിപാടികൾ നടത്തുന്ന അവസരത്തിൽ ലോകബാങ്കിന്റെ പദ്ധതിയിൽ ആദിവാസികളുടെ ക്ഷേമം അതിന്റെ മുഖ്യഘടകമായിരിക്കണം എന്നുള്ളതിന്റെയും അടിസ്ഥാനത്തിൽ തന്നെയാണ് വനംവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നത്. പക്ഷെ മരം മുറിക്കാൻ അനുവദിക്കുക എന്നുള്ളത് വനംവകുപ്പിനെ സംബന്ധിച്ചിടത്തോളം ചെയ്യാൻ പറ്റാത്ത കാര്യമായതുകൊണ്ട് അതൊഴിച്ച് മറ്റെല്ലാ കാര്യങ്ങളിലും ആദിവാസികളുടെ ഉന്നമനത്തിന് എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം വനംവകുപ്പ് ചെയ്യുന്നതായിരിക്കും.

ശ്രീ. എൻ. കണ്ണൻ : സർ, ലോകബാങ്കിന്റെ സഹായത്തോടുകൂടി സംസ്ഥാന വനംവകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. സി.കെ. നാണു : സർ, ആക്ഷേപകരമായ എന്തെങ്കിലും വന്ന് അതിന്റെ അടിസ്ഥാനത്തിൽ ഒരു നടപടിയും നടത്തിയിട്ടില്ല. അതേയവസരം വേൾഡ് ബാങ്കിന്റെ ഈ പദ്ധതി വളരെ പ്രധാനപ്പെട്ടത് ആണെന്നു കരുതുകയും, ഇനിയുള്ള കാലം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ നാട്ടിൽ സാമ്പത്തികമായും സാമൂഹികമായും ഏറ്റവും പിന്നോക്കാവസ്ഥ അനുഭവിക്കുന്ന, വനത്തിൽ ജീവിക്കുന്ന ആദിവാസികളുടെ ഉന്നമനത്തിന് വേൾഡ് ബാങ്കിന്റെ സഹായം വേൾഡ് ബാങ്ക് അധികൃതരുമായുള്ള ചർച്ചയിൽ അനുവദിക്കപ്പെട്ട ശതമാനത്തിൽ നിന്നുകൊണ്ടുതന്നെ പരമാവധി എങ്ങനെ ഉപയോഗിക്കാം എന്നുള്ളത് ആലോചിക്കുന്നതാണ്; അത് നടപ്പാക്കുന്നതാണ്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, വനസംരക്ഷണത്തിനും വനവൽക്കരണത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെങ്കിലും സ്കീം ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ടോ; അതിനുവേണ്ടി ഇതിനകം എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ. നാണു : സർ, ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നടപ്പിലാക്കിയതായി തോന്നുന്നില്ല.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, സ്വാഭാവിക വനപരിപാലനത്തിനും വികസനത്തിനുവേണ്ടി ഇപ്പോൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ശ്രീ. സി.കെ. നാണു : സർ, വേൾഡ് ബാങ്കിൽ മൊത്തം 112 കോടി രൂപ നമ്മൾ വനപരിപാലനത്തിനാണ് നീക്കിവയ്ക്കുന്നത്. അതിൽ വനങ്ങളുടെ സ്വാഭാവിക പുനരുൽപാദനം 23000 ഹെക്ടർ. പ്രക്ഷീണ വനങ്ങളുടെ പുനരുദ്ധാരണം 9000 ഹെക്ടർ. ഞാൻ അത് നേരത്തെ വായിച്ചു. മുഖ്യമായും വനപരിപാലനത്തിനുവേണ്ടി തന്നെയാണ് അനുവദിക്കപ്പെട്ട പണത്തിന്റെ ഭൂരിഭാഗവും ചെലവഴിക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ലോകബാങ്കിന്റെ സഹായത്തോടുകൂടി കഴിഞ്ഞ രണ്ടുവർഷമായി 28 കോടി 34 ലക്ഷം രൂപ ചെലവഴിച്ചുവെന്നാണ് അങ്ങ് പറഞ്ഞത്. ഇങ്ങനെ ചെലവഴിക്കപ്പെട്ട ഫണ്ടിൽ നല്ലൊരു ശതമാനം തുകയും വാഹനങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനുവേണ്ടിയിട്ടാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത് എന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് വാങ്ങേണ്ട എന്ന അർത്ഥത്തിലല്ല പറയുന്നത്. എന്നാൽ ആവശ്യത്തിൽ കൂടുതൽ വാഹനങ്ങളും കമ്പ്യൂട്ടറുകളുമാണ് ഈ പദ്ധതിയുടെ കീഴിൽ വാങ്ങിക്കൂട്ടിയിട്ടുള്ളത് എന്നതു സംബന്ധിച്ച് അങ്ങേക്ക് എന്തെങ്കിലും വിവരം കിട്ടിയിട്ടുണ്ടോ; അതു സംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. കെ. നാണു : സർ, വേൾഡ് ബാങ്കുമായി അന്വേഷിച്ച അവസരത്തിൽതന്നെ, അതിന്റെ എഗ്രിമെന്റ് നടക്കുന്ന അവസരത്തിൽതന്നെ, വനം വകുപ്പ് അതിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കാൻ കമ്പ്യൂട്ടറുകളും വാഹനങ്ങളും വാങ്ങാനും ഓഫീസ് പ്രവർത്തനങ്ങൾ നല്ല നിലയിൽ ആക്കാനുമുള്ള പെർസെന്റേജ് വേൾഡ് ബാങ്കുമായുള്ള എഗ്രമെന്റിൽതന്നെ അനുവദിച്ചിട്ടുണ്ട്. അതിനു പുറത്തു കടന്ന് ഒരു പ്രവർത്തി നടക്കുന്നു എന്നുള്ള രൂപത്തിൽ ആക്ഷേപം ഇതുവരെ വന്നിട്ടില്ല.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, പെരിയാർ ടൈഗർ പ്രോജക്ട് മേഖലയിലുള്ള ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി ലോകബാങ്കിന്റെ പ്രോജക്ടുമായി ബന്ധപ്പെട്ടുകൊണ്ട് ചില ഗ്രാമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വളരെ മാതൃകാപരമായ പ്രവർത്തനം എന്ന നിലയ്ക്കാണ് ഇതിനെ കാണാൻ കഴിഞ്ഞിട്ടുള്ളത്. വനത്തിനു പുറത്ത്, വനാതിർത്തിയോട് ചേർന്ന് അവർക്ക് പ്രത്യേകമായ മേഖല തിരിക്കുകയും അവിടെ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ ആവശ്യമായ സഹായം കൊടുക്കുകയും അതിന്റെ മാർക്കറ്റിംഗിനുവേണ്ടിയുള്ള സൊസൈറ്റി ഉണ്ടാക്കുകയുമൊക്കെ ചെയ്ത ഒരു പ്രവർത്തനമാണ്. അത് ലോകബാങ്ക് സഹായം കിട്ടുന്ന ഏരിയ കൂടാതെ കേരളത്തിലുടനീളം ആദിവാസി മേഖലയിൽ അത്തരത്തിലുള്ള ഒരു പദ്ധതിയെ സംബന്ധിച്ച് ഒരു തീരുമാനം എടുക്കാൻ തയാറാകുമോ?

ശ്രീ. സി.കെ. നാണു : സർ, വേൾഡ് ബാങ്കിന്റെ സഹായവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്. അങ്ങനെ ഒരു പദ്ധതി ചർച്ച ചെയ്തിട്ടുണ്ട്.

ശ്രീ. പി.ജെ. ജോയി : സർ, ഈ പദ്ധതിയുടെ 2-ാം ഘട്ടം വികസനം തുടങ്ങിയിട്ടില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് എന്നത്തേക്ക് തുട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങാൻ കഴിയും എന്ന് വ്യക്തമാക്കുമോ; അതൊടൊപ്പംതന്നെ വന്യജീവി സംര ക്ഷണാർത്ഥം നടപ്പിലാക്കേണ്ട ഒട്ടേറെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തന ങ്ങൾ ഇന്ന് സ്തംഭിച്ചുകിടക്കുകയാണ്. ഒരുദാഹരണം പറഞ്ഞാൽ, വാകച്ചാൽ ഡിവിഷൻ ഏഴാറ്റൂർ റേഞ്ചിൽ ഒലിവുമൗണ്ട് ചിറ ആ ചിറ കെട്ടി സംരക്ഷി ക്കാൻ ഏതാണ്ട് 25 ലക്ഷം രൂപ ചെലവ് ചെയ്തുകഴിഞ്ഞു. ഇപ്പോൾ അത് രണ്ടുമൂന്നു കൊല്ലമായി മുടങ്ങിക്കിടക്കുകയാണ്. അങ്ങനെ പാഴാകുന്ന ഒരു സ്ഥിതിവിശേഷം കൂടിയുണ്ട്. ഞാൻ അങ്ങ് മന്ത്രിയായതിനുശേഷം എഴു തിയും തന്നിട്ടുണ്ട്. അത്തരത്തിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ എന്നു പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. സി.കെ. നാണു</u>: സർ, മുടങ്ങിക്കിടക്കുന്ന പദ്ധതികൾ വളരെ വേഗം മുഴുമിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഉടനെ നടത്തുന്നതാണ്.

<u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> : സർ, ആദിവാസികളും കാട്ടുജാതിക്കാരും കൂടുതലുള്ളത് വയനാട് ജില്ലയിലാണ്. ഏതാണ്ട് ഒരു ലക്ഷത്തി ഇരുപതിനാ യിരം ആദിവാസികൾ വരും. അവിടെ ഫോറസ്റ്റിനകത്ത് പ്രത്യേകിച്ച്, പേരയം ഫോറസ്റ്റിനകത്ത് 750 ഹെക്ടർ ഭൂമി കുരുമുളക് വച്ചത് നശിച്ചു. അവിടെ മരുന്ന് വച്ചുപിടിപ്പിക്കുന്നതിന് ആദിവാസികൾക്ക് മുൻഗണന കൊടുത്തു ലോകബാങ്കിന്റെ സഹായത്തിൽ വരുന്ന ഫണ്ടിൽ അതുൾപ്പെടുത്തുകയാണെ ങ്കിൽ ശരാശരി 1000 ആദിവാസികൾക്ക് തൊഴിൽ കൊടുക്കാൻ സാധിക്കും. അതിനുവേണ്ടി ലോകബാങ്കിന്റെ ഫണ്ട് ഉപയോഗിക്കാൻ കഴിയുമോ?

<u>ശ്രീ. സി.കെ. നാണു</u> : സർ, അത് ഒരു നിർദ്ദേശമാണ്. അത് ഏതു തര ത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കും എന്നുള്ളത് പരിശോധിക്കാം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അമേരിക്കൻ സ്വാധീനത്തിൽ വേൾഡ് ബാങ്ക് രാജ്യത്തിന്റെ പരമാധികാരത്തെതന്നെ ചോദ്യം ചെയ്യുന്ന കണ്ടീഷനോ ടുകൂടിയുള്ള സഹായമാണ് വികസ്വര രാജ്യങ്ങൾക്ക്, പ്രത്യേകിച്ച് ഇന്ത്യയ്ക്ക് നൽകുന്നതെന്ന് വ്യാപകമായ ആക്ഷേപം നിലനിൽക്കുന്ന സന്ദർഭത്തിൽ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി വാങ്ങുന്ന ഈ പദ്ധതി കഴിഞ്ഞ കാലത്തുവാങ്ങിയ പദ്ധതിയുടെ വെളിച്ചത്തിൽ വളരെയധികം ആലോചിക്കേ ണ്ടതാണ്. കാരണം കഴിഞ്ഞ കാലത്തു വാങ്ങിയ പദ്ധതിയിൽ വേണ്ടപോലെ ഉപയോഗിച്ചിട്ടില്ല. ആ ഭാഗത്ത് ചൂണ്ടിക്കാണിച്ചതുപോലെ പലതും മിസ് യൂസ് ചെയ്തു. സി.ആന്റ് എ.ജി യുടെ റിപ്പോർട്ടുപോലും വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് ഇത് ആര് മോണിറ്ററിംഗ് ചെയ്യു മെന്ന് മറുഭാഗത്തുനിന്ന് ചോദിച്ചപ്പോൾ വേൾഡ് ബാങ്കിന്റെ റ്റീം തന്നെയെന്നു പറഞ്ഞു. കഴിഞ്ഞ പ്രാവശ്യം വേൾഡ് ബാങ്കിന്റെ റ്റീംതന്നെയെന്നു പറഞ്ഞു കഴിഞ്ഞ പ്രാവശ്യം വേൾഡ് ബാങ്കിന്റെ റ്റീമാണ് മോണിറ്റർ ചെയ്തത്. ആ വരുന്ന ആളുകൾക്ക് സൈറ്റ് സീയിംഗിനും സൽക്കാരത്തിനുമെല്ലാം വേണ്ട തെല്ലാം ചെയ്തു. അങ്ങനെ ചെയ്തുകൊടുത്തതിന്റെ ഫലമായി ഗുഡ് സർട്ടി ഫിക്കറ്റ് കിട്ടി. അതുകൊണ്ട് അവരുടെ മോണിറ്ററിംഗ് പോരാ. ഈ പണം ഇന്റേറസ്റ്റോടുകൂടി തിരിച്ചുകൊടുക്കേണ്ടതല്ലേ? അതുകൊണ്ട് കഴിഞ്ഞകാല ത്തെപ്രവർത്തനങ്ങൾ റിവ്യുചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദ മായ പ്രവർത്തനങ്ങൾ നടത്താനുള്ള പ്രവർത്തനങ്ങൾ വല്ല ഏർപ്പാടും ചെയ്യാൻ ഗവൺമെന്റ് തയാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ. നാണു : ബഹുമാനപ്പെട്ട അംഗം മുൻ വനംവകുപ്പുമന്ത്രി എന്ന നിലക്ക് അങ്ങ് മുന്നോട്ടുവച്ചത് പ്രാധാന്യമർഹിക്കുന്ന നിർദ്ദേശങ്ങളാണോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. രാജു : ഇടുക്കി ജില്ലയിൽ കുമിളി, താമരക്കുളം മുതലായ പ്രദേശങ്ങളിൽ വനം വികസന പദ്ധതിയുടെ പേരിൽ വനത്തോട് ചേർന്ന് വൻമതിൽ കെട്ടുന്നതുകൊണ്ട് അതിന്റെ സമീപത്ത് താമസിക്കുന്ന ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ഇതിനുമുമ്പ് വനംവകുപ്പുമന്ത്രിപോയി പരിശോധിക്കുകയും അവിടത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെയും നിയമസഭാ സാമാജികന്മാരെയും വിളിച്ചുകൂട്ടി അവരുടെയെല്ലാം നിർദ്ദേശപ്രകാരം ജനങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന മതിൽകെട്ടുന്ന നടപടി നിർത്തിവയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നതാണ്. എന്നാൽ ഇപ്പോൾ വീണ്ടും മതിൽകെട്ടുന്നതിനുള്ള നടപടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ആരംഭിക്കുന്നതായി അറിയാൻ കഴിയുന്നു. ഇത് ജനങ്ങൾക്ക് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. മുല്ലപെരിയാറിൽനിന്നും വെള്ളം കൊണ്ടുപോകുന്ന പൈപ്പുലൈനിനോട് ചേർന്നുവരുന്ന പ്രദേശങ്ങളാണ്. ഇത് തടയുന്നതിന് ആവശ്യമായ നടപടി വനംവകുപ്പുമന്ത്രി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. സി.കെ. നാണു : ചില സ്ഥലങ്ങളിൽ വനത്തിന്റെ മധ്യത്തിലൂടെ വാഹനങ്ങളും മറ്റും പോകാൻ അനുവദിച്ചാൽ മരംവെട്ട് വ്യാപകമായി നടക്കുമെന്ന ഭയമുണ്ട്. തമിഴ്നാട്ടിൽ നിന്നൊക്കെ മരംമുറിച്ച് കടത്താനുള്ള മേഖലയായി കേരളത്തിലെ ചില മേഖലകളെ ഉപയോഗിക്കുമോ എന്ന സംശയമുണ്ട്. അത്തരത്തിലുള്ള പ്രശ്നങ്ങളിൽ തീരുമാനമെടുക്കണമെങ്കിൽ അതുസംബന്ധിച്ച് വ്യക്തമായി പരിശോധിച്ച് കേരളത്തിലെ വനം നഷ്ടപെടുകയാണെന്ന് ബോധ്യമാവുകയാണെങ്കിൽ അതിൽ മതിൽകെട്ടായാലും എന്തായാലും വനംവകുപ്പിന്റെ ലക്ഷ്യം കേരളത്തിലെ വനം സംരക്ഷിക്കലാണ്. അങ്ങനെ സംരക്ഷിക്കുന്നതിന് തടസ്സമായി നിൽക്കുന്ന എന്തു നിർദ്ദേശങ്ങൾ വന്നാലും ആ നിർദ്ദേശങ്ങളുമായി യോജിക്കാൻ വനംവകുപ്പിന് സാധിക്കുകയില്ല.

ശ്രീ. പി.പി. തങ്കച്ചൻ : വനം സംരക്ഷിക്കാൻ വേണ്ടിയുള്ള കാര്യങ്ങളെക്കുറിച്ചാണല്ലോ ചോദ്യത്തിലുന്നയിച്ചിട്ടുള്ളത്. വനം സംരക്ഷിക്കുന്നതിനുപകരം വനം നശിപ്പിക്കാൻ വേണ്ടി നമ്മുടെ സംസ്ഥാനത്ത് ചില മാഫിയ സംഘങ്ങൾ പ്രവർത്തിച്ചുവരുവെന്ന് തുടർച്ചയായി ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ പ്രത്യേകിച്ച് അങ്ങയുടെതന്നെ പാർട്ടിയിൽപ്പെട്ട മുൻ വനംവകുപ്പുമന്ത്രിയും ഈ സഭയുടെ ജനതാ പാർട്ടിയുടെ ലീഡറുമായ ഡോ. നീലലോഹിതദാസൻനാടാർതന്നെ പത്രസമ്മേളനം നടത്തി ആരോപണമുന്നയിച്ചിട്ടുണ്ട്. അങ്ങ് ഇതിനെക്കുറിച്ച് അന്വേഷിച്ചോ, ഈ കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തെളിവു കിട്ടിയോ? അത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചോ, ആരാണ് വനം മാഫിയയിൽപ്പെട്ട ആളുകൾ എന്നുള്ളത് വ്യക്തമാക്കുമോ?

ശ്രീ. സി.കെ. നാണു : പ്രധാനമായ പ്രശ്നം കേരളത്തിലെ വനവും വനവിഭവങ്ങളും അതുപോലെ വന്യജീവികളെയും സംരക്ഷിക്കുക എന്നതാണ്. പല വിശദീകരണങ്ങളിൽനിന്നും മനസ്സിലാക്കുന്നത് ഇന്ത്യയിൽ വ്യാപകമായ രൂപത്തിൽ വനംകൊള്ള നടത്തുകയും വന്യജീവി വേട്ട നടത്തുകയും ചെയ്യുന്ന ചില ശക്തമായ കേന്ദ്രങ്ങളുണ്ടെന്നാണ്. ആ ശക്തമായ കേന്ദ്രങ്ങൾ കേരളവുമായി ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിക്കുന്നുമുണ്ടാകാം. അതിന് എന്തു പേരുവിളിക്കണമെന്ന് എനിക്കറിയില്ല. പക്ഷെ ആഗ്രഹിക്കുന്നത് വനവും വന്യജീവികളും അടക്ക

LIBRARY ARCHIVES Kerala Legislative Assembly

മുള്ള കേരളത്തിലെ വനവിഭവങ്ങളെ തെറ്റായ രൂപത്തിൽ മുറിക്കാനോ, കള്ളക്കടത്തു നടത്താനോ, വന്യജീവിവേട്ട നടത്താനോ ആരെയും അനുവദിക്കുന്നതല്ല. അത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഞാൻ പറയുന്നത് കേരളത്തിലെ വനം നശിപ്പിക്കാൻ ആരെയും അനുവദിക്കുകയില്ല. എന്റെ പാർട്ടി ആയാലും ഏതു കക്ഷിയുടെ ഭാഗത്തുനിന്നായാലും വനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നങ്ങൾ വന്നാൽ അത് പരിശോധിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

ശ്രീ. പി. വിശ്വൻ : കേരളത്തിലെ വനസമ്പത്ത് രക്ഷിക്കുമെന്നുള്ള സർക്കാരിന്റെ ഉറപ്പു പരിശോധിക്കാൻ കേരളത്തിലെ അഷ്വറൻസ് കമ്മിറ്റി ഒന്നുരണ്ടുവർഷക്കാലം വിവിധ ജില്ലകളിൽ വിവിധ കാടുകളിൽ സന്ദർശനം നടത്തി. അതിൽ ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, നിലവിലുള്ള വനസമ്പത്ത് രക്ഷിച്ചാൽതന്നെ കോടിക്കണക്കിന് രൂപയുടെ വിദേശകടത്തിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുമെന്നാണ്. വനംകൊള്ളക്കാരിൽനിന്നും വനം രക്ഷിക്കാൻ നിലവിലുള്ള ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് സ്ട്രെങ്തെൻ ചെയ്യാൻ, ആധുനികവൽക്കരിക്കാൻ, അതുപോലെ പുതിയ രൂപത്തിൽ അതിനെ രൂപപ്പെടുത്തിയെടുക്കാൻ സർക്കാർ മുൻകൈയെടുക്കുമോ?

ശ്രീ. സി.കെ. നാണു : ഞാൻ അത് ആവർത്തിച്ചുപറഞ്ഞതാണ്. വനം സംരക്ഷിക്കുന്നതിന് വിഘാതമായി വരുന്ന ശക്തികളുടെ കയ്യിൽനിന്നും ഗൗരവമനുസരിച്ച് വനം സംരക്ഷിക്കാൻ ബാധ്യതപ്പെട്ട എല്ലാ ഘടകങ്ങളും ശക്തിപ്പെടുത്തുന്നതാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ലോകബാങ്ക് സഹായത്തോടുകൂടിയുള്ള വനവികസന പദ്ധതികളെക്കുറിച്ച് ചോദ്യം. ലോകബാങ്ക് സഹായത്തോടുകൂടി ഇവിടെ എല്ലാ വകുപ്പിലും നടപ്പാക്കിയ പരിപാടികൾ ലോകബാങ്കിന്റെ സഹായം കഴിഞ്ഞാൽ അവതാളത്തിലാകാറാണ് പതിവ്. ഇവിടെ ആരോഗ്യവകുപ്പിലായാവും മറ്റു വകുപ്പുകളിലായാലുമൊക്കെ ഇതുതന്നെയാണ് സ്ഥിതി. ഉണ്ടാക്കിയെടുത്ത അസെറ്റ്സ് നമുക്ക് നിലനിർത്താൻ കഴിയാറില്ല, നശിച്ചുപോകാറാണ് പതിവ്. നമ്മുടെ സോഷ്യൽ ഫോറസ്ട്രി ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കിയ പദ്ധതിയാണ്. ഇവിടെ നടപ്പാക്കുന്ന പദ്ധതികൾ നിലനിർത്താനുള്ള, അല്ലെങ്കിൽ ഇതിന്റെ നിലനിൽപ്പിനെക്കുറിച്ച് എന്തെങ്കിലും ചിന്തിച്ചിരുന്നോ; അത് നിലനിർത്താനുള്ള എന്തെങ്കിലും പരിപാടികൾ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. സി.കെ. നാണു : ഇത് നിലനിർത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്.

ശ്രീ. എം.പി. വർഗ്ഗീസ് : വനനശീകരണവും വന്യമൃഗ നശീകരണവും വ്യാപകമായി നടക്കുന്നുവെന്നുള്ള ആക്ഷേപമുള്ളപ്പോൾ വനവുമായി കൂടുതൽ അടുപ്പമുള്ള വനത്തിന്റെ ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങൾ നേരിട്ടറിയാവുന്ന ആദിവാസി യുവാക്കളെ വനം സംരക്ഷിക്കുന്നതിന് നിയോഗിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ. സി.കെ. നാണു : വനസംരക്ഷണത്തിൽ ആദിവാസികൾക്ക് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ.പി. വിശ്വനാഥൻ : സമഗ്ര വനവികസന പദ്ധതിയുടെ ഭാഗമായി നമ്മുടെ സംസ്ഥാന ഗവൺമെന്റ് എത്ര കോടി രൂപയുടെ പദ്ധതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ലോകബാങ്കിന് സമർപ്പിച്ചത്, എത്രകോടി രൂപയാണ് ഇപ്പോൾ അനുവദിച്ചത്, എത്ര കൊല്ലം കൊണ്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. സി.കെ. നാണു : പദ്ധതിയുടെ അടങ്കൽ 152.39 കോടി രൂപ. അതിൽ ലോകബാങ്ക് സഹായം 152.1 കോടി രൂപ. പദ്ധതിയുടെ കാലാവധി 4 വർഷം. അതായത് 2002 ഡിസംബർ വരെ. ഉടമ്പടി ഒപ്പിട്ടത് 1998 ഡിസംബർ 13. ലോകബാങ്ക് സഹായം നിലവിൽ വന്നത് 1998 ഡിസംബർ 10. തിരിച്ചട യ്ക്കേണ്ട സമയം 2008 മുതൽ 2033 വരെ. അർദ്ധവാർഷിക ഗഡുക്കളായാണ് തിരിച്ചടക്കേണ്ടത്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : കൃഷിയുടെ ഫലങ്ങൾ സംരക്ഷി ക്കുന്നതിന് വനവൽക്കരണത്തിന്റെ ഭാഗമായി യൂക്കാലിപ്പ്സും അക്കേഷ്യയും ആണ് പലപ്പോഴും വയ്ക്കാറുള്ളത്. ഇത് നമ്മുടെ വനത്തിൽ മണ്ണിന്റെ ഈർപ്പം ചോർത്തിക്കളയുകയും അതുകൊണ്ടുതന്നെ തീ പടർന്നു പിടിക്കാൻ കാരണമാവുകയും ചെയ്യുന്നുണ്ട്. ഫലവൃക്ഷങ്ങളും ഔഷധച്ചെടികളും വച്ചു പിടിപ്പിച്ചുകൊണ്ട് ജനകീയ കമ്മിറ്റികളുടെ മേൽനോട്ടത്തിൽ ഈ വനവൽക്ക രണം കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി.കെ. നാണു : ഫലവൃക്ഷങ്ങളും ഔഷധച്ചെടികളും നടാനാണ് ഉദ്ദേശിക്കുന്നത്. അക്കേഷ്യ അതുപോലുള്ളതല്ല.

ശ്രീ. ടി.എം. ജേക്കബ് : വനസംരക്ഷണത്തിനു തടസ്സമായി നിൽക്കു ന്നത് വനം മാഫിയയുമായി ബന്ധപ്പെട്ട ഉന്നതന്മാരാണ് എന്നാണ് മുൻവനംവ കുപ്പുമന്ത്രി പറഞ്ഞത്. ഈ ഉന്നതന്മാരായിട്ടുള്ള ആളുകളെ സംബന്ധിച്ച് എന്തെങ്കിലും വിവരം അദ്ദേഹം പുതിയ മന്ത്രിക്ക് നൽകിയിട്ടുണ്ടോ; അതേക്കു റിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. സി.കെ. നാണു: അദ്ദേഹത്തോട് അതിനെപ്പറ്റി ഞാൻ ചോദിച്ചി ട്ടില്ല.

ശ്രീ. എ.കെ. മണി : സോഷ്യൽ ഫോറസ്ട്രി ഒരു തട്ടിപ്പ് പരിപാടി യാണ്. സോഷ്യൽ ഫോറസ്ട്രി എന്നുള്ള പേരിൽ ആദിവാസികളെ മൊത്തം ദ്രോഹിക്കുകയാണ്. അവരുടെ സ്ഥലങ്ങളെല്ലാം ഏറ്റെടുത്ത് കംപ്ലീറ്റ് പ്ലാന്റ് ചെയ്യുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഇപ്പോൾ അവർക്ക് കുടിൽ വയ്ക്കാൻപോലും സ്ഥലമില്ലാത്ത സാഹചര്യമാണ് സോഷ്യൽ ഫോറസ്ട്രി എന്നുള്ള നിലയിൽ നീക്കിക്കൊണ്ടിരിക്കുന്നത്. അത് തടയാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; കൂടാതെ എന്റെ മണ്ഡലത്തിൽ പല സ്ഥലങ്ങളിലും വനനവീകരണത്തിനുവേണ്ടി സ്ഥലം ഏറ്റെടുത്തപ്പോൾ അതിന് കോംപൻസേ ഷൻ ചെയ്യാനായിട്ട് പൈസ കൊടുക്കാറുണ്ട്. മുൻ മന്ത്രി കൊടുത്തിട്ടുണ്ട്. ചിന്നാർ വൈൽഡ് ലൈഫ് ഏരിയയിൽ ഏക്കർ കണക്കിന് സ്ഥലം ഏറ്റെടു ത്തിട്ട് ഇതേവരെ കോമ്പൻസേഷൻ കൊടുത്തു തീർത്തിട്ടില്ല. ആ ആൾക്കാർ വളരെയധികം ബുദ്ധിമുട്ടിലാണ്. വനത്തിൽനിന്ന് ഒഴിപ്പിക്കുകയും ചെയ്തു. ഇപ്പോൾ അവർക്ക് കിടപ്പാടം പോലുമില്ലാത്ത സാഹചര്യമാണ്. ഇതിന് എത്രയും വേഗം നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി.കെ. നാണു : എത്രയും വേഗം നടപടി സ്വീകരിക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly